# ദിവ്യബലി

## പ്രവേശന ഗാനം

പുരോ.: പിതാവിൻേറയും പുത്രൻെറയും + പരിശുദ്ധാത്മാവിൻെറയും നാമത്തിൽ

**ജന.: ആമേൻ**

പുരോ.: നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**ജന.: അങ്ങയോടുംകൂടെ**

## അനുതാപ കർമ്മം

പുരോ.: സഹോദരരേ, ഈ ദിവ്യബലി തക്കതായ ഒരുക്കത്തോടെ കൊണ്ടാടുന്നതിനായി നമ്മുടെ പാപങ്ങൾ ഓർത്ത് മനസ്തപിച്ച് ഏററുപറയാം.

*(അൽപസമയത്തെ മൗനത്തിനുശേഷം)*

**പു:+ജന: സർവ്വശക്തനായ ദൈവത്തോടും / സഹോദരരെ, നിങ്ങളോടും/ ഞാൻ ഏററുപറയുന്നു. വിചാരത്താലും വാക്കാലും / പ്രവർത്തിയാലും ഉപേക്ഷയാലും / ഞാൻ വളരെയേറെ പാപം ചെയ്തുപോയി (പിഴയിടിക്കുന്നു) എൻെറ പിഴ / എൻെറ പിഴ / എൻെറ വലിയ പിഴ / ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും / എല്ലാ മാലാഖമാരോടും വിശുദ്ധരോടും / സഹോദരരെ, നിങ്ങളോടും ഞാൻ അപേക്ഷിക്കുന്നു / എനിക്കുവേണ്ടി / നമ്മുടെ കർത്താവായ ദൈവത്തോട് പ്രാർത്ഥിക്കണമേ.**

പുരോ.: സർവ്വശക്തനായ ദൈവം കനിഞ്ഞ് പാപങ്ങൾ പൊറുത്ത് നമ്മളെ നിത്യജീവിതത്തിലേയ്ക്ക് നയിക്കുമാറാകട്ടെ.

**ജന.: ആമേൻ.**

പുരോ.: കർത്താവേ കനിയേണമേ.

**ജന.: കർത്താവേ കനിയേണമേ.**

പുരോ.: ക്രിസ്തുവേ കനിയേണമേ.

**ജന.: ക്രിസ്തുവേ കനിയേണമേ.**

പുരോ.: കർത്താവേ കനിയേണമേ.

**ജന.: കർത്താവേ കനിയേണമേ.**

## ഗ്ലോറിയ

പുരോ.: അത്യുന്നതങ്ങളിൽ ദൈവത്തിനുമഹത്വം

**പു:+ജ: ഭൂമിയിൽ സന്മനസുള്ളവർക്ക് സമാധാനവും / കർത്താവായ ദൈവമേ / സ്വർഗ്ഗീയ രാജാവേ, / സർവ്വശക്തനും പിതാവുമായ ദൈവമേ / അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു / അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു / അങ്ങയെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു / അങ്ങയുടെ മഹാമഹിമയ്ക്കായി ഞങ്ങൾ നന്ദിപറയുന്നു / ഏക**

ജാതനായ പുത്രാ / കർത്താവായ യേശുക്രിസ്തുവേ / കർത്താവായ ദൈവമേ / ദൈവത്തിൻെറ കുഞ്ഞാടെ / പിതാവായ ദൈവത്തിൻെറ പുത്ര / ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന അങ്ങ് / ഞങ്ങളിൽ കനിയേണമേ / ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന അങ്ങ് / ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമെ / പിതാവിൻെറ വലതുഭാഗത്തിരിക്കുന്ന അങ്ങ് / ഞങ്ങളിൽ കനിയേണമെ / അങ്ങ് മാത്രം പരിശുദ്ധൻ / അങ്ങ് മാത്രം കർത്താവ് / അങ്ങ് മാത്രം അത്യുന്നതൻ / യേശുക്രിസ്തുവേ / പരിശുദ്ധാത്മാവിനോടുകൂടെ / പിതാവായ ദൈവത്തിൻെറ മഹത്വത്തിൽ.

ആമേൻ.

**ഗാനരൂപം**

പുരോ.: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം

ജന.: *ഭൂമിയിൽ സന്മനസുള്ളോർക്ക് ശാന്തിയുമേ.*
*അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.*
*അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു*
*ആരാധിച്ചങ്ങയെ വാഴ്ത്തുന്നു.*
*ദിവ്യ മഹിമകൾ പാടുന്നു.*

*അങ്ങേ മഹാമഹിമയ്ക്കിതാ*
*നന്ദി ചൊല്ലുന്നിവർ താഴ്മയായ്*
*ദൈവമേ കർത്താവാം അങ്ങയെ*
*വാഴ്ത്തുന്നു സ്വർല്ലോക രാജനെ,*

*സർവ്വൈകശക്തനാം ദൈവമേ,*
*താതനാം അങ്ങയെ വാഴ്ത്തുന്നു*
*ഏകാത്മജാ ദേവ സൂനുവേ,*
*കർത്താവാം ശ്രീയേശു ക്രിസ്തുവേ,*

*ദൈവമേ കർത്താവാം അങ്ങയെ*
*വാഴ്ത്തുന്നു ദൈവത്തിൻ കുഞ്ഞാടെ*
*താതനാം ദൈവത്തിൻ സൂനുവേ*
*അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നു.*

*ലോകത്തിൻ പാപ നിഹന്താവേ*
*കാരുണ്യം തൂകണെ ഞങ്ങളിൽ*
*ലോകത്തിൻ പാപ നിഹന്താവേ*
*ഞങ്ങൾ തൻ പ്രാർത്ഥന കേൾക്കണെ.*

*നിത്യ പിതാവിൻെറ പാർശ്വത്തിൽ*
*നേർവലം ഭാഗത്തിരുന്നിടും*
*ഞങ്ങൾതൻ രക്ഷകനേശുവേ,*
*കാരുണ്യം തൂകണെ ഞങ്ങളിൽ*

*സത്യസ്വരൂപൻ പിതാവുതൻ*
*നിത്യമഹിമാവിൻ തേജസ്സിൽ*
*പാവനാത്മാവുതൻ ഐക്യത്തിൽ*
*വാഴുന്ന ക്രിസ്തുവാം യേശുവേ.*

*അങ്ങ് മാത്രം പരിപാവനൻ*
*അങ്ങുതാൻ ഏകനാം നാഥനും*
*അങ്ങുമാത്രം പരമോന്നതൻ*
*ത്രീതൈ്വക ദൈവ മഹത്വത്തിൽ*

**ആമ്മേൻ.**

പുരോ.: നമുക്ക് പ്രാർത്ഥിക്കാം
(എല്ലാവരും അൽപ സമയം മൗനമായി പ്രാർത്ഥിക്കുന്നു)

പുരോ.: .................... ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമെ

ജന.: **ആമേൻ**

## ദൈവവചന പ്രഘോഷണകർമ്മം

ഓരോവായനയുടേയും അവസാനം

വായിക്കുന്നയാൾ : ദൈവവചനമാണ് നാം കേട്ടത്.

ജന.: **നമുക്ക് ദൈവത്തെ സ്തുതിക്കാം.**

(ഹല്ലേലുയ പാടുമ്പോൾ എല്ലാവരും നിൽക്കുന്നു)

## സുവിശേഷ വായനയ്ക്കു മുമ്പ്

പുരോ.: കർത്താവ് നിങ്ങളോടുകൂടെ

ജന.: **അങ്ങയോടും കൂടെ**

പുരോ: വിശുദ്ധ ...................... എഴുതിയ സുവിശേഷം

ജന: **കർത്താവേ അങ്ങേയ്ക്ക് മഹത്വം**

**(സുവിശേഷ വായന അവസാനിക്കുമ്പോൾ)**

പുരേ.: സുവിശേഷ വചനമാണ് നാം കേട്ടത്.

ജന.: **ക്രിസ്തുവേ അങ്ങേയ്ക്ക് സ്തുതി.**

## പ്രസംഗം

## വിശ്വാസ പ്രമാണം

പുരോ.: ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

ജന.: **ആകാശത്തിൻെറയും ഭൂമിയുടേയും / ദൃശ്യവും അദൃശ്യവുമായ എല്ലാററിൻെറയും /സൃഷ്ടാവും സർവ്വ ശക്തനുമായ പിതാവിൽ ഞാൻ വിശ്വസിക്കുന്നു/ഏക നാഥനും, ദൈവപുത്രനും/ ഏകജാതനും /എല്ലാ യുഗങ്ങൾക്കും മുമ്പ് പിതാവിൽ നിന്ന് ജനിച്ചവനും/ ദെവത്തിൽ നിന്നുള്ള ദൈവവും /പ്രകാശത്തിൽ നിന്നുള്ള പ്രകാശവും /സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / ജനിച്ചവനെങ്കിലും സൃഷ്ടിക്കപെടാത്തവനും, പിതാവുമായി സത്തയിൽ ഏകനുമായ/ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു/ അവിടുന്നു വഴിയായി സകലവും സൃഷ്ടിക്കപ്പെട്ടു/ മനുഷ്യരായ നമുക്കുവേണ്ടിയും/ നമ്മുടെ രക്ഷയ്ക്കുവേണ്ടിയും/ അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങി (എല്ലാവരും ശിരസു നമിക്കുന്നു) പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന്/ ശരീരം ധരിച്ച് മനുഷ്യനായി പിറന്നു; / പൊന്തിയോസ് പിലാത്തോസിൻെറ ഭരണത്തിൽ**

**കീഴിൽ/ നമുക്കുവേണ്ടി പീഢകൾ സഹിച്ച്/ ക്രൂശിതനായി മരിച്ച്, അടക്കപ്പെട്ടു./ വിശുദ്ധ ലിഖിതങ്ങൾ അനുസരിച്ച് 3-ാം ദിവസം ഉയിർത്തു; സ്വർഗ്ഗാരോഹണം ചെയ്ത് / പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നു./ ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ /അവിടുന്ന് പ്രതാപത്തോടെ വീണ്ടും വരുമെന്നും / അവിടുത്തെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു./ കർത്താവും ജീവദാതാവും / പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനും / പിതാവിനോടും പുത്രനോടുമൊപ്പം/ ആരാധിക്കപ്പെടുന്നവനും സ്തുതിക്കപ്പെടുന്നവനും/ പ്രവാചകൻമാർ വഴി സംസാരിച്ചവനുമായ / പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു/ഏകവും , വിശുദ്ധവും, സാർവ്വത്രികവും , അപ്പസ്തോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു/ പാപമോചനത്തിനായുള്ള/ ഏക ജ്ഞാനസ്നാനം ഞാൻ ഏററുപറയുന്നു/ മരിച്ചവരുടെ ഉയർപ്പും പരലോകജീവിതവും ഞാൻ പ്രതീക്ഷിക്കുയും ചെയ്യുന്നു.**

**ആമേൻ**

## കാഴ്ചവയ്പ്പ്
## കാഴ്ചവയ്പ്പ് ഗാനം

**പുരോ.:** എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഈ അപ്പം അങ്ങയുടെ കാരുണ്യത്താലാണല്ലോ ഞങ്ങൾക്കു ലഭിച്ചത്. ഞങ്ങൾക്ക് നിത്യജീവനരുളുന്ന ആത്മീയ ഭോജനമായിത്തീരുവാനുള്ള ഈ അപ്പം ഭൂമിയുടേയും മനുഷ്യ പ്രയത്നത്തിൻേറയും ഫലമായി, ഞങ്ങൾക്ക് കനിഞ്ഞരുളിയ പിതാവേ, അങ്ങു വാഴ്ത്തപെടട്ടെ.

**ജന.:** **ദൈവമേ അങ്ങെന്നും വാഴ്ത്തപെടട്ടെ**

**പുരോ.:** എല്ലാ നന്മകളുടെയും ദാതാവായ ദൈവമേ, ഞങ്ങൾ കാഴ്ചവയ്ക്കുന്ന ഈ വീഞ്ഞ് അങ്ങയുടെ കാരുണ്യത്താലാണല്ലോ ഞങ്ങൾക്കു ലഭിച്ചത്. ഞങ്ങൾക്ക് ആത്മീയ പാനീയമായിത്തീരുവാനുള്ള ഈ വീഞ്ഞ് മുന്തിരിവള്ളിയുടേയും മനുഷ്യ പ്രയത്നത്തിൻേറയും ഫലമായി, ഞങ്ങൾക്ക് കനിഞ്ഞരുളിയ പിതാവേ, അങ്ങു വാഴ്ത്തപെടട്ടെ.

**ജന.:** **ദൈവമേ അങ്ങെന്നും വാഴ്ത്തപെടട്ടെ**

**പുരോ.:** സഹോദരരെ, എൻെറയും നിങ്ങളുടെയും ബലി സർവ്വശക്തനും പിതാവുമായ ദൈവത്തിന് സ്വീകാര്യമാകുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ

**ജന.:** **കർത്താവേ / തൻെറ നാമത്തിൻെറ സ്തുതിക്കും/ മഹിമയ്ക്കും, നമ്മുടെ മുഴുവൻ സഭയുടെയും നന്മയ്ക്കുമായി അങ്ങയുടെ കരങ്ങളിൽ നിന്ന് ഈ ബലി സ്വീകരിക്കുമാറാകട്ടെ**

*(ബലിവസ്ത്തുക്കളുടെമേലുള്ള പ്രാർത്ഥയുടെ അവസാനത്തിൽ)*

**പുരോ.:** ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമെ,

**ജന.:** **ആമ്മേൻ**

## സ്തോത്രയാഗപ്രാർത്ഥന

**പുരോ.:** കർത്താവ് നിങ്ങളോടുകൂടെ

**ജന.:** **അങ്ങയോടും കൂടെ**

**പുരോ.:** ഹൃദയം കർത്താവിങ്കലേക്കുയർത്തുവിൻ

**ജന.:** **ഇതാ ഞങ്ങൾ ഉയർത്തിയിരിക്കുന്നു.**

**പുരോ.:** നമ്മുടെ കർത്താവായ ദൈവത്തിനു നന്ദിപ്രകാശിപ്പിക്കാം.

**ജന.:** **അത് ഉചിതവും ന്യായവുമത്രേ**

*(പുരോഹിതൻെറ പ്രാർത്ഥനയുടെ അവസാനം)*

**പു.+ ജ.:** **പരിശുദ്ധൻ /പരിശുദ്ധൻ / പരിശുദ്ധൻ/ സൈന്യങ്ങളുടെ കർത്താവായ ദൈവം / ആകാശവും ഭൂമിയും അങ്ങയുടെ മഹിമയാൽ നിറഞ്ഞിരിക്കുന്നു/ ഉന്നതങ്ങളിൽ ഹോസാന / കർത്താവിൻെറ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ/ ഉന്നതങ്ങളിൽ ഹോസാന.**

### ഗാനരൂപം

***പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ***

***സൈന്യങ്ങൾ തൻ കർത്താവാം***
***ദൈവം പരിശുദ്ധൻ***

*1* ***നിരുപമമങ്ങേ മഹിമകളാൽ***
***നിറഞ്ഞു മഹിയും വിണ്ടലവും***
***ഹോസാന, ഹോസാന,***
***അത്യുന്നതങ്ങളിൽ ഹോസാന***

*2* ***കർത്താവൻ തിരുനാമത്തിൽ***
***വരുവോൻ ഏററം ധന്യനുമാം***
***ഹോസാന, ഹോസാന,***
***അത്യുന്നതങ്ങളിൽ ഹോസാന***

*(അപ്പവും വീഞ്ഞും കൂദാശ ചെയ്തശേഷം)*

**പുരോ.:** വിശ്വാസത്തിൻെറ ഈ മഹാരഹസ്യം നമുക്കു പ്രഖ്യാപിക്കാം

**ജനങ്ങൾ പ്രഘോഷിക്കുന്നു.**

**ജന.:** **കർത്താവേ, / അങ്ങയുടെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു/ അങ്ങയുടെ ഉയർപ്പിൽ ഞങ്ങൾ വിശ്വസിക്കുന്നു / അങ്ങയുടെ വരവ് ഞങ്ങൾ കാത്തിരിക്കുന്നു.**

*സ്തോത്രയാഗ പ്രാർത്ഥന അവസാനിപ്പിച്ചുകൊണ്ട് ചൊല്ലുന്നു*

**പുരോ.:** ദൈവമേ, സർവ്വശക്തനായ പിതാവേ അങ്ങേയ്ക്ക് ക്രിസ്തുവിലൂടെ ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽ തന്നെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എല്ലാ മഹിമയും ആരാധനയും എന്നും എന്നേയ്ക്കും

**ജന.:** **ആമ്മേൻ**

## ദിവ്യകാരുണ്യസ്വീകരണ കർമ്മം

**പുരോ.:** നമ്മുടെ കർത്താവു കൽപ്പിച്ചതും പഠിപ്പിച്ചതുമനുസരിച്ച് പ്രത്യാശയോടെ നമുക്ക് പ്രാർത്ഥിക്കാം.

**പു.+ജ.:** **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ/ അങ്ങയുടെനാമം പൂജിതമാകണമേ/ അങ്ങയുടെ രാജ്യം വരണമേ/ അങ്ങയുടെ തിരുമനസ് സ്വർഗ്ഗത്തിലേപോലെ ഭൂമിയിലുമാകണമേ. / അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ / ഞങ്ങളോടു തെററു ചെയ്യുന്നവരോടു / ഞങ്ങൾ ക്ഷമിക്കുന്നതുപോലെ / ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ.**

### ഗാനരൂപം

***സ്വർഗ്ഗത്തിൽ വാഴും ഞങ്ങൾ തൻതാതാ***
***നിൻനാമം പൂജിതമായിടേണം***
***വരണം നിൻരാജ്യം സ്വർഗ്ഗത്തിലേപോൽ***
***നിന്നുള്ളം പാരിലുമായിടേണം***

***അന്നന്നുവേണ്ടുന്നോരാഹാരം ഇന്നും***
***ഞങ്ങൾക്കു നൽകുമാറായിടേണം***
***അന്യർതൻ ദ്രേഹം ഞങ്ങൾ ക്ഷമിക്കും പോൽ***
***ഞങ്ങൾ തൻ ദ്രോഹവും നീ ക്ഷമിക്ക.***

***പാപപരീക്ഷയിൽ ഉൾപ്പെടുത്താതെ***
***തിന്മയിൽ നിന്നു നീ കാത്തിടേണം***

**പുരോ.:** കർത്താവേ, എല്ലാ തിന്മകളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ ഈ കാലയളവിലും ഞങ്ങൾക്കു സമാധാനമുരുളണമേ. പാപത്തിൽ നിന്നും അസ്വസ്തതകളിൽ നിന്നും ഞങ്ങളെ എപ്പോഴും കരുണാപൂർവ്വം കാത്തുകൊള്ളണമേ. നിത്യ സൗഭാഗ്യവും രക്ഷകനായ യേശുക്രിസ്തുവിൻെറ പുനരാഗമനവും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

*ജനങ്ങൾ പ്രഘോഷിക്കുന്നു.*

**ജന.:** **എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു.**

**പുരോ.:** അന്ത്യദാനമായി സമാധാനം നിങ്ങൾക്കു നൽകുന്നു. എൻെറ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു എന്നു കർത്താവായ യേശു ക്രിസ്തുവേ, അങ്ങ് അപ്പസ്തോലന്മാരോട് അരുൾചെയ്തുവല്ലോ. ഞങ്ങളുടെ പാപങ്ങൾ പരിഗണിക്കാതെ അങ്ങയെ തിരുസഭയുടെ വിശ്വാസം തൃക്കൺപാർത്ത് അങ്ങയുടെ തിരുവുള്ളത്തിനൊത്തവണ്ണം തിരുസഭയ്ക്ക് സമാധാനവും ഐക്യവും കൽപ്പിച്ചരുളിയാലും എന്നും ജീവിച്ചു വാഴുന്ന അങ്ങ് ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ.

**ജന.:** **ആമ്മേൻ**

**പുരോ.:** കർത്താവിൻെറ സമാധാനം നിങ്ങളോടുകൂടെ എപ്പോഴും

ഉണ്ടായിരിക്കട്ടെ

**ജന.:** **അങ്ങയോടും കൂടെ**

**പുരോ.:** നമുക്ക് പരസ്പരം സമാധാനം ആശംസിക്കാം.

(ജനങ്ങൾ കൈകൂപ്പി ശിരസു നമിച്ച് പരസ്പരം വന്ദിക്കുന്നു.)

**ജന.:** **ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടെ / ഞങ്ങളിൽ കനിയണമേ / ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടെ / ഞങ്ങളിൽ കനിയണമേ / ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവ കുഞ്ഞാടെ / ഞങ്ങൾക്കു സമാധാനം നൽകണമേ**

## ഗാനരൂപം

***ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ***
***കുഞ്ഞാടെ ഞങ്ങളിൽ നീ കനിയേണമേ***
***ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ***
***കുഞ്ഞാടെ ഞങ്ങളിൽ നീ കനിയേണമേ***
***ലോകത്തിൻ പാപങ്ങൾ നീക്കിടും ദൈവത്തിൻ***
***കുഞ്ഞാടെ ഞങ്ങൾക്കു സമാധാനം നൽകണമേ***

**പുരോ.:** ഇതാ ദൈവത്തിൻെറ കുഞ്ഞാട്! ഇതാ ലോകത്തിൻെറ പാപങ്ങൾ നീക്കുന്നവൻ! ദിവ്യ കുഞ്ഞാടിൻെറ വിരുന്നിന് ക്ഷണിക്കപ്പെട്ടിരിക്കുന്നവർ ഭാഗ്യവാൻമാർ

**പു+ജ..:** **കർത്താവേ / അങ്ങ് എൻെറ വീട്ടിൽ എഴുന്നെള്ളുവാൻ യോഗ്യത എനിക്കില്ല. അങ്ങ് ഒന്നു കൽപ്പിച്ചാൽ മതി / എൻെറ ആത്മാവ് സുഖം പ്രാപിക്കും.**

## ദിവ്യകാരുണ്യ സ്വീകരണം

*ഗായക സംഘം ഗാനം ആലപിക്കുന്നു.*

**പുരോ.:** ക്രിസ്തുവിൻെറ തിരുശരീരം

ദിവ്യകാരുണ്യം സ്വീകരിക്കുന്നയാൾ പറയുന്നു : ആമ്മേൻ

**പുരോ.:** നമുക്ക് പ്രാർത്ഥിക്കാം ..............ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളണമേ

**ജന.:** **ആമ്മേൻ**

## സമാപന കർമ്മം

**പുരോ.:** കർത്താവു നിങ്ങളോടുകൂടെ

**ജന.:** **അങ്ങയോടും കൂടെ**

**പുരോ.:** സർവ്വശക്തനായ ദൈവം പിതാവും + പുത്രനും + പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കട്ടെ

**ജന.:** **ആമ്മേൻ**

**പുരോ.:** ദിവ്യപൂജ സമാപിച്ചു. ക്രിസ്തുവിൻെറ സമാധാനത്തിൽ പോകുവിൻ

**ജന.:** **ദൈവത്തിനു സ്തുതി.**

## സമാപനഗാനം

## പരിശുദ്ധാത്മാവേ നീയെഴുന്നള്ളി

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി
വരണമെ എൻെറ ഹൃദയത്തിൽ
ദിവ്യ ദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാരവിരിപ്പു മാററിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹന ദിവ്യഗാനമേ (പരിശുദ്ധ....)

വീണ്ടുണങ്ങി വരണ്ടമാനസം
കണ്ട വിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യ ജീവിതപാത നീ (പരിശുദ്ധ....)

## സാദരമങ്ങേ

സാദരമങ്ങേ പാവനപാദം
തേടിവരുന്നു ഞങ്ങളിതാ
കാഴ്ചകളേന്തും താലവുമായി
നിൽപ്പൂ നിന്നുടെ സന്നിധിയിൽ

നിൻ തിരുമാസംവും രക്തവുമായ്
തീർക്കണമേ ഈ കാഴ്ചകളെ
ഞങ്ങളെ പ്രാർത്ഥന കൈക്കൊള്ളണേ
പാപം സർവ്വം പോക്കണമേ (സാദരമങ്ങേ.

ചഞ്ചലമാനസാ ഞങ്ങളെ നീ
നേർവഴി തന്നിൻ നടത്തണമേ
ഈ ക്ഷിതിവാസം തീരും മുൻപേ
മോക്ഷം ഞങ്ങൾക്കരുളണമേ. (സാദരമങ്ങേ.

## ബലവാനായ ദൈവമേ

ബലവാനായ ദൈവമേ
പരിശുദ്ധൻ, പരിശുദ്ധൻ
കർത്താവായ ദൈവമേ
പരിശുദ്ധൻ, പരിശുദ്ധൻ

വിണ്ടലനാഥാ ഓശാന, ഓശാന, ഓശാന
മഹിതലനാഥാ ഓശാന, ഓശാന, ഓശാന
സർവ്വചരാചര സൃഷ്ടാവേ
പരിപാലകനേ വാഴ്ത്തിടാം (2)

പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

## വാവാ യേശുനാഥാ വാവാ സ്നേഹനാഥാ

വാവാ യേശുനാഥാ വാവാ സ്നേഹനാഥാ
ഹായെൻ ഹൃദയം തേടിടും സ്നേഹമേ നീ -(വാവ...

നീയെൻ പ്രാണനാഥൻ നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ -(വാവ...

പാരിലില്ലിതുപോൽ, വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുളെളാരാനന്ദം ചിന്തിച്ചീടാൻ -(വാവ...

പൂക്കൾക്കില്ല പ്രഭ തേൻ മധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല -(വാവ...

വേണ്ട പോകരുതേ, നാഥാ നിൽക്കണമേ
തീർത്തുകൊളളാം ഞാൻ നല്ലൊരു പൂമണ്ഡപം-(വാവ..

ആധിചേരുകിലും വ്യാധി നോവുകിലും
നീയരികിലെന്നാലെനിക്കാശ്വാസമേ -(വാവ...

ശാന്തിയിൽ നീന്തി നീന്തി, കാന്തിയിൽ മുങ്ങി മുങ്ങി
നിന്നിൽ ഞാനുമേ എന്നിൽ നീ ഇങ്ങനെ നാം -(വാവ...

## നന്മനേരും അമ്മ വിണ്ണിൻ രാജ കന്യ

നന്മനേരും അമ്മ വിണ്ണിൻ രാജ കന്യ
ധന്യ സർവ്വ വന്ധ്യ മേരി ലോക മാത
കണ്ണിലുണ്ണിയാകും ഉണ്ണിയേശു തന്റെ
അമ്മയായ മേരി മേരിലോക മാത

(നന്മനേരും...)

മാതാവേ മാതാവേ മണ്ണിൽ ദീപം നീയേ
നീയല്ലോ നീയല്ലോ നിത്യ സ്നേഹധാര
ആശാപൂരം നീയെ ആശ്രയതാരം നീയേ
പാരിൽ തായ നീയേ മേരി ലോകമാത

(നന്മനേരും..)

പാവങ്ങൾ പൈതങ്ങൾ കൈകൾ കൂപ്പി നിൽപ്പൂ
സ്നേഹത്തിൽ കണ്ണീരാൽ പൂക്കൾ തൂകി നിൽപ്പൂ
കുമ്പിൾ നീട്ടും കയ്യിൽ സ്നേഹം തൂകും മാത
കാരുണ്യാധി നാഥേ മേരി ലോക മാത (നന്മനേരും...)

## കൃതജ്ഞതാ സ്തോത്രം

ദൈവമേ ഞങ്ങൾ അങ്ങേ വാഴ്ത്തുന്നു
അങ്ങേയ്ക്കായെന്നും സ്തോത്രങ്ങൾ.
പാരിതിന്നധി നാഥനായങ്ങേ
ഞങ്ങളെന്നും സ്തുതിക്കുന്നു.
നിത്യസൽപ്പിതാവാകുമങ്ങയേ
ആരാധിക്കുന്നു പാരാകെ (2)

ദൈവദൂതന്മാരേവരും പിന്നെ
സ്വർഗ്ഗവാസികൾ സർവ്വരും
സ്വർഗ്ഗവും വാനദൂതവൃന്ദവും
സ്വർഗ്ഗസംഗീതം മീട്ടുന്നു.
സൈന്യാധീശനാം ദൈവം സംശുദ്ധൻ
സംശുദ്ധൻ, നിത്യം സംശുദ്ധൻ

ഭൂവും വാനവും തൻമഹിമയാൽ
തിങ്ങിടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യ-
ദിവ്യന്മാർ, വേദസാക്ഷികൾ
നിത്യാനന്ദ പ്രതാപവാനങ്ങേ
വാഴ്ത്തിടുന്നൂ നിരന്തരം (2)

നിസ്തുലൻ പ്രഭാപൂരിതൻ താതാ
നിത്യനാം ഏക സൂനുവേ,
പാവനാത്മ ത്രീയേകദൈവമേ
സ്തോത്രമെന്നുമെന്നേയ്ക്കുമേ.
ലോകമാകവേ പാവനം സഭ
കീർത്തിക്കുന്നങ്ങേ സാദരം (2)

പ്രാഭവമെഴും രാജനാണു നീ
ക്രിസ്തു നാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണു നീ
മർത്ത്യരക്ഷയ്ക്കായ് കന്യകയിൽ നി-
ന്നങ്ങുമന്നിടേ ജാതനായ് (2)

മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗ്ഗവാതിൽ തുറന്നഹോ
ദൈവത്തിൻെറ വലതു ഭാഗത്തായ്
വാഴ്‌വൂ നീ ഭവ്യശോഭയിൽ
അങ്ങു താൻ വിധിയാളനായ് വരു-
മെന്നും വിശ്വസിക്കുന്നിവർ (2)

നിന്നർഘമാം ശോണിതത്തിനാൽ
വീണ്ടെടുത്തൊരീ ദാസരിൽ
നിൻ കൃപാമൃതം ചിന്തണേയെന്നും
യാചിപ്പൂ ഞങ്ങൾ സാദരം
നിത്യാനന്ദത്തിലങ്ങേ സ്നേഹിത-
രൊത്തുചേരാൻ കനിയണേ (2)

കാത്തിടൂ നാഥാ നിൻ ജനങ്ങളെ
ആശ്ശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളെ
ഉന്നതിയിവർക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ
പാവന നാമവും സദാ (2)

ഇന്നു ഞങ്ങളിൽ പാപമേശായ്‌വാൻ
നിന്നനുഗ്രഹം നൽകണേ
ആശ്രയിച്ചിവർ തീവ്രമായങ്ങിൽ
തിങ്ങും കാരുണ്യം പുൽകുവാൻ
അർപ്പിച്ചു നിന്നിലാശ സർവ്വവും
ലേശം ലജ്ജിക്കയില്ല ഞാൻ (2)